# കാല(ത്തി)ന്റെ കയർ

പാവകൾ കൊണ്ടു കളിച്ച്
ഊഞ്ഞാൽ കെട്ടിയാടാൻ കൊതിച്ച
ആ മരക്കൊമ്പിലാണ്
വെറും പാവകളായി
അവർ തൂങ്ങിയാടിയത്
നിലാവ് വീണുടഞ്ഞ
നദീജലത്തിൽ തെളിഞ്ഞുകാണാം;
പിറക്കുന്നു വിണ്ണിൻ ചിതയിൽ
രണ്ടു കുഞ്ഞുനക്ഷത്രങ്ങൾ

വെളിച്ചം പൊഴിക്കും ചെരാതുവെട്ടങ്ങളെ
കീഴ്പ്പെടുത്തുന്നു ഇരുളിൻ കരങ്ങൾ
പുസ്തകത്താളിലെ
അക്ഷരങ്ങളൊക്കെയും
മുറുകിയ വരികൾക്കിടയിൽ
കുരുങ്ങുന്നു

വിടരാനിരിക്കും മുല്ലമൊട്ടുകൾതൻ
തലയറുക്കുന്നു കാറ്റിന്റെ വാൾമുന
ചിറകാർന്നു പാറും തുമ്പികൾക്കുമേൽ
നാക്കാലൊളിയമ്പെയ്യുന്നു തവളകൾ
തുള്ളിനടക്കും മാൻകിടാങ്ങളെ
കാത്തുനിൽക്കുന്നു
കാട്ടുപുലിയുടെ ദംഷ്ട്രകൾ

ആകാശത്തേക്കുയരുന്നു
കുഞ്ഞുതലകൾ പോൽ
രണ്ടു ബലൂണുകൾ
നീതിദേവതയുടെ ത്രാസിൽ
രണ്ടു പെൺജഡങ്ങൾ!

മുറിവേറ്റ രാപ്പാടി കേഴുന്നു
ആരോ പിന്നിലുണ്ട്
കയറുമായി കാലനോ;
വെറിപൂണ്ട കാലമോ?